# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത**
**ചോദ്യം നമ്പർ: 5461**

**28.07.2015 - ൽ**
**മറുപടിക്ക്**

## തെങ്ങിൻ തൈകളുടെ വിതരണം

| ചോദ്യം<br>ശ്രീ.കെ.കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) | മറുപടി<br>ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| --- | --- |
| എ) കാസർഗോഡ് ജില്ലയിലെ പിലിക്കോട് കാർഷിക ഗവേഷണ കേന്ദ്രത്തിൽ നിന്നും ഈ വർഷം എത്ര തെങ്ങിൻ തൈകൾ ഉല്പാദിപ്പിച്ച് വിതരണം ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ; | എ) ഈ വർഷം ഉല്പാദിപ്പിച്ച മൊത്തം തെങ്ങിൻ തൈകൾ 17,380 ആണ്. ഈ തൈകൾ നഴ്സറികളിൽ വ്യത്യസ്ഥ മാസങ്ങളിൽ നട്ടു വളർത്തിയതായതിനാൽ പാകം വരുന്ന മുറയ്ക്ക് മാത്രം കർഷകർക്ക് വിതരണം ചെയ്തുവരുന്നു. ഇതുവരെയായി 10,000 ലേറെ തെങ്ങിൻ തൈകൾ കർഷകർക്ക് വിതരണം ചെയ്തു കഴിഞ്ഞു. |
| ബി) തെങ്ങിൻ തൈകൾ കർഷകർക്ക് ആവശ്യമായ അളവിൽ ലഭ്യമാക്കാൻ നടപടികൾ സ്വീകരിക്കുമോ? | ബി) പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം, പീലിക്കോട് പ്രധാനമായും ഒരു ഗവേഷണ സ്ഥാപനമാണ്. ഗവേഷണത്തിന്റെ ഭാഗമായിട്ടാണ് ഇവിടെ നിന്നും സങ്കരയിനവും അല്ലാത്തതുമായ തെങ്ങിൻ തൈകൾ ഉല്പാദിപ്പിക്കുന്നത്.<br>എങ്കിലും ജനപങ്കാളിത്തത്തോടെ പോളിനേഷൻ പ്രക്രിയ പൂർത്തിയാക്കി സങ്കരയിനം തൈകൾ ഉല്പാദിപ്പിക്കുന്ന വിത്ത്ഗ്രാമം പ്രൊജക്ട് പീലിക്കോട് കേന്ദ്രത്തിൽ നടപ്പിൽ വരുത്തിയിട്ടുണ്ട്. ഇതു വഴി 2015 വർഷം 30,000 വിത്തു തേങ്ങകൾ ഉല്പാദിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്. ഇവ അടുത്ത വർഷങ്ങളിൽ തൈകൾ ഉല്പാദിപ്പിക്കുവാൻ ഉപയോഗിക്കുന്നതാണ്. |

[signature]
**സെക്ഷൻ ഓഫീസർ**